**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** — **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും അനുബന്ധം I ആയി ചേർക്കുന്നു.<br><br>**സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും അനുബന്ധം-IIആയി ചേർക്കുന്നു.** |
| (ബി) | വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഭവന നിർമ്മാണം എന്നിവയ്ക്കുള്ള ധനസഹായ തുക എത്രയാണെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ, ആവശ്യമായ രേഖകൾ, അപേക്ഷയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഭവന നിർമ്മാണം എന്നീ പദ്ധതികളുടെ ധനസഹായ തുക, മാനദണ്ഡങ്ങൾ, ആവശ്യമായ രേഖകൾ, അപേക്ഷയുടെ നടപടിക്രമങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.<br><br><u>1. വിവാഹ ധനസഹായം</u><br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 1,25,000/- രൂപ വിവാഹ ധനസഹായമായി നൽകിവരുന്നു. കുടുംബ വാർഷിക വരുമാന പരിധി 1,00,000/-രൂപയാണ്. അതു പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ച് വരുന്നു.<br><br>ജാതി, വരുമാന സർട്ടിഫിക്കറ്റ് , പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് , വിവാഹ ക്ഷണക്കത്ത്, വിവാഹ സർട്ടിഫിക്കറ്റ് സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ / പട്ടികജാതി വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br><br><u>2. മിശ്ര വിവാഹിതർക്ക് ധനസഹായം -</u> |

ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപെട്ടതുമായ മിശ്രവിവാഹിതരായ ദമ്പതിമാർക്ക് വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ധനസഹായമായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. കുടുംബ വാർഷിക വരുമാന പരിധി - 1,00,000/- രൂപയാണ്. ഭാര്യഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ് , വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

3. ഭവന നിർമ്മാണം

സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിന്റെ വിഹിതമായി നൽകിവരുന്നു. അർഹതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലൈഫ്ഭവന പദ്ധതിയുടെ ലിസ്റ്റിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു.

**പട്ടികവർഗ്ഗ വികസന വകുപ്പ്** മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.

**വിവാഹധനസഹായം**

വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും സാമ്പത്തികശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടെയും പെൺകുട്ടിയ്ക്ക് 1.50 ലക്ഷം രൂപയും അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് രണ്ട് ലക്ഷം രൂപയും നൽകുന്നു.

ജാതി സർട്ടിഫിക്കറ്റ് , വരുമാന സർട്ടിഫിക്കറ്റ്, വിവാഹവുമായി ബന്ധപ്പെട്ട രേഖകൾ, മാതാപിതാക്കൾ നഷ്ടപ്പെട്ട പെൺകുട്ടിയാണെങ്കിൽ ആയത് തെളിയിക്കുന്ന രേഖ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകളാണ് ധനസഹായത്തിനായി ഹാജരാക്കേണ്ടത്. പ്രോജക്ട് /

| | | | | |
|---|---|---|---|---|
| | | | | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന തുക അനുവദിച്ച് നൽകുന്നു.<br><br>**<u>മിശ്രവിവാഹധനസഹായം</u>**<br><br>മിശ്രവിവാഹം മൂലം ദുരിതം അനുഭവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികൾക്കുള്ള ധനസഹായപദ്ധതി. ഗ്രാമപഞ്ചായത്ത് മുഖേനയാണ് അനുവദിച്ച് നൽകുന്നത്. സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് വേണ്ടി ഈ പദ്ധതി പ്രകാരം 75,000/- രൂപയാണ് മിശ്രവിവാഹിതരായ ദമ്പതികൾക്ക് അനുവദിക്കുന്നത്. പ്രസ്തുത ധനസഹായത്തിനായുള്ള അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, 2 പേരുടെയുംവരുമാന സർട്ടിഫിക്കറ്റ്, വിവാഹവുമായി ബന്ധപ്പെട്ട രേഖകൾ, സഹവാസ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കണം.<br><br>**<u>ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം</u>**<br><br>ലൈഫ് മിഷൻ മുഖേനയാണ് ടി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് . ഇതിന്റെ ഭാഗമായി പട്ടിക വർഗ്ഗക്കാർക്ക് 6 ലക്ഷം രൂപ അനുവദിക്കുന്നു. ആയതിലേക്ക് വകുപ്പിന്റെ വിഹിതം ലൈഫ് മിഷന് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുന്നു . |

സെക്ഷൻ ഓഫീസർ

**1. .വിദേശ തൊഴിൽ ധനസഹായം**

പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്, വിദേശത്ത് തൊഴിൽ ധനസഹായ തുകയായ 1,00,000/- രൂപ 60%, 40% എന്ന നിരക്കിൽ രണ്ടു ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു . ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്സ്പോർട്ട്, തൊഴിൽ വിസ, തൊഴിൽ കരാർ എന്നിവയുടെ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ 60% തുകയും, തൊഴിൽ കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച തൊഴിൽ ദാതാവിൽ നിന്നുള്ള രേഖ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായത്തിന്റെ അവശേഷിക്കുന്ന തുക (40%) ഗുണഭോക്താവിൻറെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു . ബ്ലോക്ക് /മുൻസിപ്പാലിറ്റി / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ വരുമാനമുള്ളവർക്കും 20 നും 50 നും മധ്യേ പ്രായമുള്ളവർക്കും ആദ്യമായി വിദേശയാത്ര നടത്തുന്നവർക്കും മാത്രമാണ് അപേക്ഷിക്കുവാൻ അർഹത . ആദ്യയാത്ര നടത്തി രണ്ടു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ ധനസഹായത്തിനായി പരിഗണിക്കുകയുള്ളൂ.

2. **പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി.**

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പത്തോ അതിൽ അധികമോ വ്യക്തികൾ അംഗങ്ങളായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും ആനുകൂല്യത്തിനർഹതയുണ്ടായിരിക്കും. പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകളായിരിക്കും ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. അംഗീകരിക്കുന്ന പ്രോജക്ടുകളുടെ 75% തുക (പരമാവധി 10 ലക്ഷം രൂപ) 2 ഗഡുക്കളായി ബന്ധപ്പെട്ട സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ച് നൽകുന്നതാണ്. ബാങ്ക് ലോണുമായി ലിങ്ക് ചെയ്ത് പദ്ധതി

നടപ്പിലാക്കേണ്ടതാണ്. പ്രോജക്ടുകളുടെ മുതൽ മുടക്കിന്റെ 25% വരുന്ന തുക ബാങ്ക് ലോൺ മുഖേന സ്വരൂപിക്കേണ്ടതാണ്. സ്വാശ്രയ സംഘങ്ങൾ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന പ്രോജക്ടുകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാതലത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിനായി നൽകുന്നതും ടി പരിശോധനാ റിപ്പോർട്ടിൽ പ്രോജക്ടിന്റെ നിർവ്വഹണ സാധ്യത, വിജയ സാധ്യത, ഫിനാൻഷ്യൽ ഫീസിബിലിറ്റി, നിർവ്വഹണത്തിന്റെ ഏതുഘട്ടത്തിലാണ് ഒന്നും രണ്ടും ഗഡുക്കൾ അനുവദിക്കേണ്ടത് എന്നതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശം എന്നിവ ഉൾപ്പെടുത്തിയിരിക്കും സ്വാശ്രയ സംഘത്തിന്റെ പ്രോജക്ട് , ബന്ധപ്പെട്ട ഉദ്യോഗസ്ഥൻന്റെ പരിശോധന റിപ്പോർട്ട് പട്ടികജാതി വിഭാഗത്തിന് പ്രോജക്ട് എത്രത്തോളം പ്രയോജനപ്പെടുമെന്നുള്ള ബ്ലോക്ക്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസർമാരുടെ റിപ്പോർട്ട് എന്നിവ സഹിതം പട്ടികജാതി പട്ടികവർഗ്ഗ ജില്ലാ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതും, അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ ആനുകൂല്യം അനുവദിച്ചു നൽകുന്നു .

**3. <u>സ്വയം തൊഴിൽ ധനസഹായം-</u>**

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാരായ വ്യക്തികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പ തുകയുടെ 1/3 സബ്സിഡി അനുവദിക്കുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും പദ്ധതി പ്രകാരം ആരംഭിക്കാം.

ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്വയംതൊഴിൽ സംരംഭത്തിന്റെ വിശദാംശങ്ങൾ സഹിതം (പ്രൊജക്ട്) ആദ്യം ബാങ്കിൽ ബന്ധപ്പെട്ട് വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് ബാങ്ക് അധികൃതരുമായി അപേക്ഷകൻ നേരിട്ട് ആശയവിനിമയം നടത്തി ധാരണയാക്കിയ ശേഷം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 3 സെറ്റ് അപേക്ഷ നിശ്ചിത ഫോമിൽ ഓഫ്ലൈനായി അപേക്ഷിക്കണം. അപേക്ഷന്റെ വിദ്യാഭ്യാസ യോഗ്യത 7–ാം ക്ലാസ് വരെയായിരിക്കണം, 18 മുതൽ 50 വയസ് വരെയുള്ളവർക്ക് അപേക്ഷിക്കാം. വായ്പ അനുവദിച്ച ശേഷം വിനിയോഗം ഉറപ്പവരുത്തുന്ന മുറക്ക് സബ്സിഡി അനുവദിക്കുന്നതിനായി ശുപാർശ ചെയ്യുന്നത് സംബന്ധിച്ച് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ബാങ്ക് മാനേജർക്ക് കത്ത് അയക്കുന്നു. വായ്പ തുക വിനിയോഗിച്ച് സംരംഭം ആരംഭിച്ച ശേഷം വായ്പാ തുക പൂർണ്ണമായി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റായെന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് / പാസ് ബുക്ക് പരിശോധിച്ച് ബോധ്യപ്പെടുകയും ടി തുക സംരംഭത്തിനായി വിനിയോഗിച്ചതു സംബന്ധിച്ച രേഖകൾ പരിശോധിച്ചും സ്ഥലം സന്ദർശിച്ചും വിനിയോഗം ഉറപ്പവരുത്തിയ ശേഷം അർഹതയുള്ള സബ്സിഡി അനുവദിക്കുന്നതിനായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ജില്ലാ പട്ടികജാതി വികസന ഓഫീസിലേക്ക് ശുപാർശ ചെയ്യുന്നു. അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റുകൾ,

കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച രേഖ, പദ്ധതി റിപ്പോർട്ട് (പ്രൊജക്റ്റ്) അപേക്ഷയോടൊപ്പം സമർപ്പിക്കണം. എസ്. ജി. എസ്. വൈ. ലോൺ സംബന്ധിച്ച ബി.ഡി.ഒയുടെ സാക്ഷ്യപത്രം, എസ്. സി, എസ്. ടി. വികസന കോർപ്പറേഷൻ, വ്യവസായ വകുപ്പ് എന്നിവ മുഖേന വായ്പ സബ്സിഡി ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം ഹാജരാക്കണം.

**4. <u>സ്വയംതൊഴിൽ ധനസഹായ പദ്ധതി ഗ്രൂപ്പുകൾക്ക്-</u>**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് അപേക്ഷിക്കാം. 80 ശതമാനമോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും അപേക്ഷിക്കാം. ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്വയം തൊഴിൽ സംരംഭത്തെ സംബന്ധിച്ചുള്ള പ്രൊജക്റ്റ് തയ്യാറാക്കണം. പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രൊജക്റ്റുകൾ പരിഗണിക്കും . പ്രൊജക്റ്റ് മുതൽമുടക്കിന്റെ 25 ശതമാനം തുക അപേക്ഷിക്കുന്ന സംഘത്തിന്റെ ഉത്തരവാദിത്വത്തിൽ ബാങ്ക് ലോൺ ആയി സ്വരൂപിക്കേണ്ടതാണ്. പ്രൊജക്റ്റ് മുതൽ മുടക്കിന്റെ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) അപേക്ഷിക്കുന്ന സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നു.

**5. <u>ആരോഗ്യ സുരക്ഷ പദ്ധതി-ചികിത്സാധനസഹായം</u> –**

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യസുരക്ഷാപദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു. നിശ്ചിത ഫോറത്തിലുള്ള ജാതി വരുമാന സർട്ടിഫിക്കറ്റുകളും, റേഷൻകാർഡിന്റ് പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് , മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയും അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റും സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കു സമർപ്പിക്കണം.

**6. <u>ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം-</u>**

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2,00,000/- നൽകുന്നു. അപേക്ഷ, ജാതി, വരുമാനസർട്ടിഫിക്കറ്റ്, മരണസർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി

കുടുംബത്തിലെ ഏകവരുമാനദായനായിരുന്നുവെന്ന വില്ലേജ്ഓഫീസറുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ് , ബാങ്ക് അക്കൗണ്ട് രേഖകൾ, ആധാർ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കു നൽകുക . മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ പ്രായപരിധി – 60 വയസ്സ്.

## 7. <u>വിവാഹ ധനസഹായം–</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000/– രൂപ വിവാഹ ധനസഹായമായി നൽകുന്നു. 2022–ൽ ഈ ധനസഹായം 125000/– രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹ സർട്ടിഫിക്കറ്റ് സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. വരുമാന പരിധി 1,00,000/– രൂപ.

## 8. <u>മിശ്ര വിവാഹിതർക്ക് ധനസഹായം</u>

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/– രൂപ വരെ ധനസഹായം നൽകുന്നു . വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം . ഭാര്യഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് /മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. പ്രതിവർഷ വരുമാന പരിധി – 1,00,000/– രൂപ.

## 9. <u>1989 ലെ അതിക്രമം തടയൽ നിയമം</u> –

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളെ ശക്തമായി നേരിടുന്നതിന്റെ ഭാഗമായി പാർലമെന്റ് പാസ്സാക്കിയ കേന്ദ്ര നിയമമാണ് പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം. ടി നിയമത്തിന്റെ പ്രാധാനപ്പെട്ട സവിശേഷത അതിക്രമത്തിനിരയാകുന്നവർക്ക് സൗജന്യ നിയമസേവനം ലഭിക്കുന്നതിനു പുറമെ സാമ്പത്തികമായി നഷ്ടപരിഹാരം എന്നതാണ്. നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള 39 ഇനം അതിക്രമങ്ങളിൽ നിയമത്തിന്റെ 3(1) വകുപ്പിൻ കീഴിൽ വരുന്ന അതിക്രമങ്ങൾ നേരിടേണ്ടി വരുന്നവർക്ക് കേസ് ചാർജ്ജ് ചെയ്യപ്പെടുമ്പോൾ തന്നെ നിശ്ചിത തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. കോടതി വിധിക്ക് വിധേയമായി ബാക്കി തുകയും ലഭിക്കുന്നു. ജില്ലാ പോലീസ് സൂപ്രണ്ട്/സിറ്റി

പോലീസ് കമ്മീഷണർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ തുക വിതരണം ചെയ്യുന്നു.

**10. <u>വക്കീലൻമാർക്ക് ധനസഹായം</u>**

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

<u>ഒന്നാം വർഷം</u>

1. എൻറോൾമെന്റ് ഫീസ്– 9600/–
2. വസ്ത്രം വാങ്ങുന്നതിന് 4000/–
3. പുസ്തകം വാങ്ങുന്നതിന് – 12000/–

<u>രണ്ടും മൂന്നും വർഷങ്ങളിൽ</u>

1. വസ്ത്രം വാങ്ങുന്നതിന് – 4000/–
2. പുസ്തകം വാങ്ങുന്നതിന് – 12000/–
3. മുറി വാടക (പ്രതിമാസം 500/– രൂപ നിരക്കിൽ) – 6000/–

അഭിഭാഷകനായി എൻറോൾ ചെയ്ത് 6 മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ , ജാതിസർട്ടിഫിക്കറ്റ്, എൽ. എൽ. ബിയുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാക്ഷകന്റെ സാക്ഷ്യ പത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

**11. <u>സേഫ് പദ്ധതി.</u>**

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന പുനരുദ്ധാരണവും ഭവന പൂർത്തീകരണവും ലക്ഷ്യമാക്കി പട്ടികജാതി വികസന വകുപ്പ് സേഫ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു . രണ്ട് ലക്ഷം രൂപയാണ് ടി പദ്ധതിയ്ക്കായി ഗുണഭോക്താവിന് അനുവദിക്കുന്നത്.

- വരുമാന പരിധി ഒരു ലക്ഷം രൂപ,
- 2006 ഏപ്രിൽ 1 ന് ശേഷം പൂർത്തീകരിച്ച ഭവനങ്ങൾ ആയിരിക്കണം.
- കഴിഞ്ഞ 5 വർഷത്തതിനുള്ളിൽ ഭവന നിർമ്മാണത്തിനോ പുനരുദ്ധാരണത്തിനോ ആനുകൂല്യം കൈപ്പറ്റിയവരെ പരിഗണിക്കുന്നതല്ല.
- വീടിന്റെ പരമാവധി വിസ്തീർണ്ണം 800 ചതുരശ്ര മീറ്റർ ആയിരിക്കണം.

**12. <u>പഠനമുറി –</u>**

പദ്ധതി സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ്/ സ്പെഷ്യൽ/ ടെക്നിക്കൽ/കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന 5 മുതൽ 12

വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ പഠനമുറി നിർമ്മാണത്തിന് അനുവദിക്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. താഴേ സൂചിപ്പിക്കുന്ന രേഖകൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- വിദ്യാർത്ഥിയുടെ അപേക്ഷ
- സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം
- ജാതി സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്

## 13. <u>ഭവന നിർമ്മാണം</u>

സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിന്റെ വിഹിതമായി നൽകി വരുന്നു. അർഹതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു.

## 14. <u>എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്</u> -

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് യഥാക്രമം 5000/10000 രൂപ ക്രമത്തിൽ അനുവദിക്കുന്നു. വരുമാന പരിധി 1 ലക്ഷം രൂപ.

## 15. <u>ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം -</u>

AISHE CODE/UDISE CODE ഉള്ള ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ/സെൻട്രൽ/സ്റ്റേറ്റ്/യു.ജി.സി അംഗീകാരമുള്ള കോളേജുകൾ , കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ള ഡിപ്ലോമ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളിൽ കോഴ്സിന്റെ ഒന്നാം അദ്ധ്യായന വർഷത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് 30000/- രൂപ ധനസഹായം അനുവദിക്കുന്നു. വാർഷിക വരുമാനപരിധി 5 ലക്ഷം രൂപ.

## 16. <u>ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം.</u>

സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങളും ശ്രുതി ബോക്സ്, വീണ,

വയലിൻ, മൃദംഗം, ചെണ്ട, മദ്ദളം, മിഴാവ്, തിമില എന്നീ വാദ്യോപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.

**17. <u>സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം –</u>**

ഒന്നാം വർഷ MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ് കോപ്പ് വാങ്ങുന്നതിന് 5800/– രൂപ ധനസഹായം അനുവദിക്കുന്നു.

**18. <u>ഉന്നതി ഓവർസീസ് പദ്ധതി</u>**

വിദേശ രാജ്യങ്ങളിൽ പോസ്റ്റ്ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമക്ക് തുല്യമായ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ്, എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്നതിന് വകുപ്പും സർക്കാർ ഏജൻസിയായ ODEPC ഉം ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. വാർഷികവരുമാനം 12 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് സ്കോളർഷിപ്പ് തുകയായി പരമാവധി 25 ലക്ഷം രൂപയും വാർഷിക വരുമാനം 12–20 ലക്ഷം രൂപയിൽ വരുന്നവർക്ക് 20 ലക്ഷം രൂപയും വാർഷികവരുമാനം 20 ലക്ഷത്തിന് മുകളിൽ വരുന്നവർക്ക് 15 ലക്ഷം രൂപയും അനുവദിക്കുന്നു. ഇതിനായി scdd.kerala.gov.in/unnathikerala.org യിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**19. <u>പാരലൽകോളേജ് പഠനത്തിനുള്ള ധനസഹായം</u>**

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ +2, Degree, PG കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി /മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സംഗ്രാൻറ്, സ്റ്റൈഫന്റ്, ട്യൂഷൻ ഫീ, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു.

**20. <u>ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി –</u>**

കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട സിവിൽസർവ്വീസ് സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി സ്ഥാപനം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ലക്ഷ്യ സ്കോളർഷിപ്പ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന 60 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ട്യൂഷൻ ഫീസ്, ബുക്ക് കിറ്റ് അലവൻസ്, പ്രതിമാസ സ്റ്റൈഫന്റ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകി വരുന്നു. സിവിൽസർവ്വീസ് അക്കാഡമി മുഖാന്തിരം പരിശീലനം നേടുന്നവർക്ക് സ്റ്റൈഫന്റ്, ട്യൂഷൻ ഫീസ് എന്നിവ നൽകുന്നു.

**21. <u>വിംഗ്സ് പദ്ധതി</u>** –

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകാൻ തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ

അക്കാദമിയിൽ ഓരോ അദ്ധ്യയന വർഷവും 3 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നു.

## 22. സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ്

(a) ലംപ്സം ഗ്രാന്റ് – 1 മുതൽ 10 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ ചുവടെ പറയുന്ന നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകുന്നു.

1 മുതൽ 4 വരെ 750/– രൂപ

5 മുതൽ 7 വരെ 900/– രൂപ

8 മുതൽ 10 വരെ 1000/– രൂപ

(ഒരു വർഷം തോറ്റവർക്ക് പകുതി തുക നൽകുന്നു)

### (b) പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ/എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനത്തിനായി പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുവാൻ 2000/– രൂപ പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയിഡായി നൽകുന്നു. പദ്ധതി ഇ–ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നു.

### (c) പ്രതിമാസ സ്റ്റൈപന്റ്

പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ വേടൻ , നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയൻ എന്നീ സമുദായങ്ങളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 200/– രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു. ഇ–ഗ്രാന്റ്റ്സ് മുഖേന 2 തവണയായി തുക വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് നൽകുന്നു

**(d) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ്.**

സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ട്യൂഷൻഫീസ് റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി . 2023-24 വർഷം മുതൽ പദ്ധതി ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി നടപ്പിലാക്കുന്നു. സ്കോളർഷിപ്പ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ട്യൂഷൻ ഫീസ് | സ്പെഷ്യൽ ഫീസ് | ആകെ |
|---|---|---|---|
| എൽ.പി/യു.പി | 1000/- | 333/- | 1333/- |
| ഹൈസ്കൂൾ | 1500/- | 500/- | 2000/- |

**23. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്**

(a) സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Component-I)

(9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് )

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ 2.50 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി . കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദേശ പ്രകാരം 2022-23 വർഷം മുതൽ 40:60

സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ പദ്ധതി നടപ്പിലാക്കുന്നു . ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കോളർഷിപ്പ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

ഡേ സ്കോളർ- രൂ. 3500/-

ഹോസ്റ്റലർ- രൂ. 7000/-

(b). സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Component-II) (ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണജോലികളിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്)

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായവർക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്നതിന് ജാതി/ വരുമാനം എന്നിവ ബാധകമല്ല. രക്ഷിതാവ് ആരോഗ്യഹാനിക്ക് ഇടയാക്കുന്ന ശുചീകരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു എന്നുള്ള തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കണം.

കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദേശ പ്രകാരം 2022-23 വർഷം മുതൽ 40:60 സംസ്ഥാന- കേന്ദ്ര അനുപാതത്തിൽ പദ്ധതി നടപ്പിലാക്കുന്നു. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്കോളർഷിപ്പ് നിരക്കുകൾ ചുവടെ ചേർക്കുന്നു.
ഡേ സ്കോളർ- രൂ. 3500/-
ഹോസ്റ്റലർ- രൂ. 8000/- (ക്ലാസ് 3 മുതൽ 10 വരെ)

### 24. ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച്& ഡവലപ്മെന്റ് സ്കോളർഷിപ്പ്

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെയും പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന്റെയും അടിസ്ഥാനത്തിൽ മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളിൽ നിന്നും വരുമാനം കൂടി പരിഗണിച്ച് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിവർഷം യു.പി വിഭാഗത്തിന് 5000/- രൂപ യും ഹൈസ്കൂൾ വിഭാഗത്തിനു പ്രതി വർഷം 5500/- രൂപ വീതവും സ്കോളർഷിപ്പ് നൽകുന്നു. ക്ലാസ്സ് 5 ലും ക്ലാസ് 8 ലുമാണ് വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത്. യോഗ്യതയുള്ള അപേക്ഷകരിൽ നിന്നും ടാലന്റ് സെർച്ച് പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്നു.
പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1,00,000/- രൂപ. വാർഷിക വരുമാനം 30,000/- രൂപയിൽ താഴെയുള്ളവർക്ക് മേശയും കസേരയും വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായമായി 3000/- കൂടി നൽകുന്നു.

### 25. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സഹായം കൂടി ഉൾച്ചേർന്ന പദ്ധതിയാണ്. 2020-21 വരെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 100% കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നിലയിലാണ് നടപ്പിലാക്കിയത്. പുതുക്കിയ കേന്ദ്ര മാർഗ നിർദേശ പ്രകാരം 2021-22 മുതൽ 40:60 സംസ്ഥാന- കേന്ദ്ര വിഹിതം അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2008-09 വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നടപ്പിലാക്കുന്നു. 2018-19 വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ പുതുക്കുകയും ഇ-ഗ്രാന്റ്സ്3.0 എന്ന പേരിൽ പുതുക്കിയ പോർട്ടൽ നിലവിൽ വരുകയും ചെയ്തു.

2021-22 വർഷം മുതൽ കേന്ദ്ര മാർഗ നിർദേശ പ്രകാരം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ

CSS, Non CSS എന്നീ രണ്ടു കാറ്റഗറികളിലായാണ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നത്. 2.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികൾ കേന്ദ്ര പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. ഇവരുടെ സ്കോളർഷിപ്പ് തുകയിൽ കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള സ്കോളർഷിപ്പ് തുകയുടെ 40% സംസ്ഥാനവും 60% കേന്ദ്രവും വഹിക്കുന്നു. 2.50 ലക്ഷം രൂപക്കു മുകളിൽ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ വ്യവസ്ഥകൾ 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചു കൊണ്ട് 05/01/2023 ലെ സ. ഉ (അച്ചടി) നം. 02/2023/SCSTD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡ പ്രകാരം സംസ്ഥാനത്തിനകത്തും പുറത്തും പഠിക്കുന്ന അർഹരായ പട്ടികജാതി വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിതരണം ചെയ്യുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് ചുവടെ പറയും പ്രകാരമുള്ള ഘടകങ്ങളാണുള്ളത്.

(i) ഫീസ്
(ii) സെൻട്രൽ അക്കാഡമിക് അലവൻസ്
(iii) സ്റ്റേറ്റ് അക്കാഡമിക് അലവൻസ്
(iv) ലംപ്സം ഗ്രാന്റ്
(v) അഡീഷണൽ സ്റ്റേറ്റ് അലവൻസ്
(vi) ഹോസ്റ്റൽ ഫീസ്
(vii) ഫെലോഷിപ്പ്

ഫീസ്, സെൻട്രൽ അക്കാഡമിക് അലവൻസ് എന്നിവയുടെ 40% സംസ്ഥാനവും 60% കേന്ദ്രവും വഹിക്കുന്നു. ശേഷിക്കുന്ന ഘടകങ്ങൾ പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു.

നിരക്കുകൾ ചുവടെ ചേർക്കുന്നു.

(i) ഫീസ്

സർക്കാർ/ യൂണിവേഴ്സിറ്റി/ ഫീ റെഗുലേറ്ററി കമ്മിറ്റി/ ബന്ധപ്പെട്ട ഏജൻസി തുടങ്ങിയവ അംഗീകരിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്/ എക്സാം ഫീസ്/ സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെട്ട തുക

(ii) സെൻട്രൽ അക്കാഡമിക് അലവൻസ്

CSS പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച അലവൻസ്. നിരക്കുകൾ ചുവടെ ചേർക്കുന്നു.

| കോഴ്സ് ഗ്രൂപ്പ് | ഡേ സ്കോളർ | ഹോസ്റ്റലർ |
|---|---|---|
| ഗ്രൂപ്പ്-1 | 13500/- | 7000/- |
| ഗ്രൂപ്പ്-2 | 9500/- | 6500/- |
| | | |

| | | |
|---|---|---|
| ഗ്രൂപ്പ്-3 | 6000/- | 3000/- |
| ഗ്രൂപ്പ്-4 | 4000/- | 2500/- |

(iii) സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

ഡേ സ്കോളർക്ക് പ്രതിവർഷം രൂ. 8500/- ഒറ്റത്തവണയായി നൽകുന്നു. ഹോസ്റ്റലർക്ക് പ്രതിവർഷം രൂ. 2000/- ഒറ്റത്തവണയായി നൽകുന്നു. ഇതിനോടൊപ്പം കോഴ്സ് അടിസ്ഥാനത്തിൽ ലഭിക്കുന്ന ലംപ്സം ഗ്രാന്റ് കൂടി ചേരുന്ന തുകയാണ് സ്റ്റേറ്റ് അക്കാഡമിക് അലവൻസ് എന്നറിയപ്പെടുന്നത്.

(iv) ലംപ്സം ഗ്രാന്റ്

09/01/2020 ലെ സ. ഉ (അച്ചടി) നം. 01/2020/പജപവവിവ പ്രകാരം ഓരോ കോഴ്സിനും നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ അനുസരിച്ച് ലംപ്സം ഗ്രാന്റ് നൽകുന്നു.

(v) അഡീഷണൽ സ്റ്റേറ്റ് അലവൻസ്

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസാണ് (സെൻട്രൽ അക്കാഡമിക് അലവൻസ്) ലഭിക്കുന്നത്. ഇത് സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസിനെക്കാൾ കുറവാകുന്ന പക്ഷം ശേഷിക്കുന്ന തുക അഡീഷണൽ സ്റ്റേറ്റ് അലവൻസ് എന്ന പേരിൽ സംസ്ഥാനം നൽകുന്നു.

(vi) ഹോസ്റ്റൽ ഫീസ്

സ്ഥാപനത്തിന്റെ ഹോസ്റ്റൽ/ പ്രൈവറ്റ് ഹോസ്റ്റൽ/ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നീ അക്കോമഡേഷൻ സ്റ്റാറ്റസുകൾ ഹോസ്റ്റലർ എന്നറിയപ്പെടുന്നു. ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് താമസ/ ഭക്ഷണ ചെലവുകൾ വഹിക്കുന്നതിനുള്ള സഹായമെന്ന നിലയിൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഹോസ്റ്റൽ ഫീസ് നൽകുന്നു. നിരക്കുകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെ ഹോസ്റ്റലിൽ താമസിക്കുന്നതിന് പ്രതിമാസം പരമാവധി രൂ. 3500/- വരെ നൽകുന്നു.
- സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഹോസ്റ്റലിൽ താമസിക്കുന്നതിന് താമസ ഭക്ഷണ ചെലവിനായി പ്രതിമാസം രൂ. 4,500/- വരെ നൽകുന്നു.
- സ്ഥാപനത്തിന്റെ ഹോസ്റ്റലിലോ വകുപ്പിന്റെ പോസ്റ്റ്മെട്രിക് ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാതെ വരികയും സ്വന്തമായി താമസ സൗകര്യം കണ്ടെത്തുകയും ചെയ്യുന്നവർക്ക് താമസ ഭക്ഷണ ചെലവിനായി പ്രതിമാസം രൂ. 1,500/- നൽകുന്നു.
- വകുപ്പിന്റെ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്നവരുടെ ചെലവുകൾ വകുപ്പ് നേരിട്ട് വഹിക്കുന്നതിനാൽ ഇത്തരം വിദ്യാർഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പ്രത്യേകമായി തുക അനുവദിക്കുന്നില്ല.

26. പ്രത്യേക പ്രോത്സാഹന സമ്മാനം
(Special Incentive Scheme for SC students)

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. പദ്ധതിയുടെ നിരക്കുകളും മാനദണ്ഡങ്ങളും 16/12/2022 ലെ സ. ഉ (സാധാ) നം. 1292/2022/SCSTD പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങളും നിരക്കുകളും ചുവടെ ചേർക്കുന്നു.

| കോഴ്സ് | 80% മുതൽ 100% വരെ മാർക്ക് അല്ലെങ്കിൽ വിവിധ വിഷയങ്ങളിൽ എ+/എ ഗ്രേഡ് ലഭിക്കുന്നവർക്ക് മാത്രം | 60% മുതൽ 79% വരെ മാർക്ക് അല്ലെങ്കിൽ വിവിധ വിഷയങ്ങളിൽ ബി ഗ്രേഡ് വരെ മാത്രം |
|---|---|---|
| എസ്.എസ്.എൽ.സി | 4000/- | 2,500/- |
| Plus two, VHSE, Diploma, TTC, Polytechnic തുടങ്ങിവ | 6000/- | 3500/- |
| ബിരുദതല കോഴ്സുകൾ | 7500/- | 5000/- |
| പ്രൊഫഷണൽ ബിരുദ കോഴ്സുകൾ | 9000/- | 7500/- |
| ബിരുദാനന്തര ബിരുദം/ അതിനു മുകളിലുള്ള കോഴ്സുകൾ | 10,000/- | 7000/- |
| പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ/ അതിനു മുകളിലുള്ള കോഴ്സുകൾ | 12,000/- | 9000/- |

പദ്ധതിക്കായി വിദ്യാർഥികൾ അവരുടെ ഇ-ഗ്രാന്റ്സ് പ്രൊഫൈൽ മുഖേന ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷകർ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യേണ്ടില്ല. പകരം സർട്ടിഫിക്കറ്റ് നമ്പർ നൽകിയാൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന വിവരങ്ങൾ ഓൺലൈനായി ശേഖരിക്കുന്നു. മാർക്ക് ലിസ്റ്റിന്റെ പകർപ്പ് മാത്രം അപ് ലോഡ് ചെയ്താൽ മതിയാകും. അപേക്ഷയുടെ പ്രിന്റൗട്ട്, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ മാത്രം അപേക്ഷ അയച്ച് SCDO ഓഫീസിൽ സമർപ്പിക്കണം.

27. പഠനയാത്ര പര്യടന പരിപാടി

സംസ്ഥാനത്ത് **ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം. പ്രൊഫഷണൽ കോഴ്സുകൾ** എന്നിവ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് **4000** രൂപയായി

നിജപ്പെടുത്തി ധനസഹായം അനുവദിച്ചു പോരുന്നു.

**28. മെഡിക്കൽ /എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം (വിഷൻ 2013)**

- +2 / VHSE പഠനത്തോടൊപ്പം 2 വർഷത്തെ പരിശീലനത്തിനായി 10,000/- രൂപ വരെ ധനസഹായം. രക്ഷിതാക്കളുടെ വാർഷിക വരുമാനം പരിധി 6 ലക്ഷം രൂപ
- സയൻസ്,ഇംഗ്ലീഷ്,കണക്ക് എന്നീ വിഷയങ്ങളിൽ ബി+ കുറയാത്ത ഗ്രേഡ്.

**29. പ്ലസ് ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിങ്**

- +2 / VHSE പഠനത്തിനു ശേഷം മെഡിക്കൽ ,എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിയാക്കത്തവർക്ക് ഓരു വർഷത്തെ പരിശീലനത്തിനായി 54,000/- രൂപ അനുവദിച്ചു വരുന്നു.

- 6 ലക്ഷം രൂപയാണ് വരുമാന പരിധി
- ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ്,കണക്ക്എന്നീ വിഷങ്ങളിൽ ബി+ കുറയാത്ത ഗ്രേഡ്.

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ റ്റി ഐകളിൽ നിന്ന് വിവിധ ട്രേഡുകളിൽ നിന്ന് ആഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിച്ച് വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന പരിശീലനാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ടൂൾകിറ്റ് വാങ്ങുന്നതിന് ധനസഹായം നല്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ചുവടെ പറയും പ്രകാരമുള്ള നിരക്കിൽ ധനസഹായം നല്കി വരുന്നു.

| ട്രേഡിന്റെ പേര് | അനുവദിക്കുന്ന തുക |
|---|---|
| പ്ലംബർ | 4000 |
| പെയിന്റർ(ജനറൽ) | 2500 |
| എം എം വി | 6000 |
| ഇലക്ട്രീഷ്യൻ | 5000 |
| വുഡ് വർക്ക് ടെക്നീഷ്യൻ (പഴയ പേര് കാർപെന്റർ) | 3000 |
| ഇലക്ട്രോണിക് മെക്കാനിക് | 4000 |
| സർവ്വെയർ | 4000 |
| വെൽഡർ | 3000 |
| ഡ്രാഫ്റ്റസ്മാൻ സിവിൽ | 4000 |
| സ്വീയിംഗ് ടെക്നോളജി | 5000 |

**30. സ്റ്റഡി ടൂർ**

ഐ.ടി.ഐ കളിൽ പ്രവേശനം നേടുന്ന എല്ലാ വിഭാഗം ട്രെയിനികൾക്കും അവസാന വർഷം (ഏകവത്സര/ദ്വിവത്സര കോഴ്സുകൾ) സ്റ്റഡി ടൂർ അലവൻസായി 3000/- രൂപ നൽകിവരുന്നു.

# അനുബന്ധം – II

സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.

## ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി

പഠനത്തിൽ മികവ് തെളിയിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും പഠനത്തിന് സഹായവും നൽകുന്നതിനുള്ള പദ്ധതി. യു.പി. വിഭാഗത്തിൽ 750 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കും, ഹൈസ്കൂൾ വിഭാഗത്തിൽ 750 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുമാണ് ഒരു വർഷം സ്കോളർഷിപ് ലഭിക്കുന്നത്. യു.പി. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5,000/–രൂപയും ഹൈസ്കൂൾ വിഭാഗത്തിൽപെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5,500/– രൂപയും സ്കോളർഷിപ്പായി ലഭിക്കുന്നു. സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 4,7 ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് ലഭിച്ചവർക്ക് പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാം.

## സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം

അക്കാദമിക് തലത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി. SSLC പാസ്സായ കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 4000/– രൂപ, 3000/–രൂപ. +2 പാസായവർക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 5000/– രൂപ 4000/– രൂപ. ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/–, 6000/– രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു.

## പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്.

സർക്കാർ ഉത്തരവ് അച്ചടി നം 02/2023/ SCSTD തീയതി 05/01/2023 പ്രകാരം ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു ജി സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ , സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ, അഫിലിയേറ്റ് അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, NCVT യുടെ അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നടത്തപ്പെടുന്ന എല്ലാ കോഴ്സുകൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകുന്നു. കൂടാതെ സർക്കാർ /സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യ തലത്തിലുള്ള പ്രവേശനപരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അന്യസംസ്ഥാനത്ത് പ്രവേശനം നേടുന്നവർക്കും, കേരളത്തിൽ നിലവിൽ ഇല്ലാത്ത പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ വിദേശത്ത് പഠിക്കുന്നതിനും ഉന്നതി സ്കോളർഷിപ്പ് അനുവദിച്ച്

നൽകി വരുന്നു. ഇ-ഗ്രാന്റ്സ് സൈറ്റ് മുഖേനയും പ്രോജക്ട്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേനയും തുക അനുവദിച്ച് നൽകുന്നു.

## വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാഡുവേഷൻ മുതലുള്ള പഠനത്തിനായി 04/10/2017 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 81/2017/പജപവവി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു. ഈ പദ്ധതി ODEPC വഴി ആണ് നടപ്പിലാക്കുന്നത്.

## അന്യസംസ്ഥാന പഠനം

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്ത് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു. പ്രോജക്ട്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന തുക അനുവദിച്ച് നൽകുന്നു.

## സിവിൽ സർവീസ് പരിശീലനം

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം, എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. 30 വയസ്സിനു താഴെ പ്രായമുള്ളവരും വാർഷികവരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ആദ്യഘട്ടത്തിൽ 50 ഉദ്യോഗാർത്ഥികൾക്ക് ഓറിയെന്റേഷൻ ക്യാമ്പ് നടത്തുകയും അതിൽ എഴുത്തുപരീക്ഷയിലൂടെയും കൂടിക്കാഴ്ചയിലൂടെയും തെരഞ്ഞെടുക്കുന്ന 30 പേർക്ക് ഇന്ത്യയിലെവിടെയുമുള്ള മികച്ച പരിശീലന സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നതിന് അവസരം ലഭിക്കുന്നതാണ്. 2022-23 ലാണ് ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിച്ചത്. ഓറിയെന്റേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യാത്ര, പാഠപുസ്തകങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥികൾക്കും പഠനത്തിനായി പരമാവധി മൂന്നു ലക്ഷം രൂപ സ്കോളർഷിപ്പ് ആയി അനുവദിച്ച് നൽകുന്നു.

## കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്

കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിങ്സ് എന്ന പദ്ധതി സർക്കാർ

നടപ്പിലാക്കിയിട്ടുണ്ട്. 27/12/2022 സ. ഉ.(കൈ) നം.56/2022/STD) പ്രകാരം തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയനവർഷവും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് സ്കോളർഷിപ്പ് അനുവദിച്ച് നൽകി വരുന്നു. തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി വരുന്നു. പരിശീലന കാലയളവിൽ പരിശീലനത്തിന്റെ പുരോഗതി വീക്ഷിച്ച ശേഷം ഘട്ടം ഘട്ടമായി സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുന്നു. നിലവിൽ രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയാണ് പരിശീലനം നടത്തുന്നത്.

<u>സ്റ്റഡി ടൂർ</u>

പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി സ്ഥാപനം സംഘടിപ്പിക്കുന്ന പഠന വിനോദയാത്രക്ക് ധനസഹായം നൽകുന്ന പദ്ധതി . സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലസ് വൺ, പ്ലസ് 2, ബിരുദം , ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ എന്നിവയിൽ പഠനം നടത്തി വരുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനം സംഘടിപ്പിക്കുന്ന പഠന വിനോദ യാത്രയ്ക്ക് തുക അനുവദിച്ച് നൽകുന്നു. പ്രോജക്ട്/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന തുക അനുവദിച്ച് നൽകുന്നു.

<u>ട്രൈബൽ സ്കൂളിൽ ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം</u>

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ ഗവൺമെന്റ് വെൽഫെയർ ആന്റ് ട്രൈബൽ സ്കൂളിൽ ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് രണ്ട് ജോഡി വസ്ത്രം വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി . പ്രോജക്ട്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന തുക അനുവദിച്ച് നൽകുന്നു.

<u>പ്രീമെട്രിക്ക് സ്കോളർഷിപ്പ്.</u>

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് (എൽ.പി വിഭാഗം വിദ്യാർത്ഥികൾക്ക് 750/- രൂപയും, യു.പി വിഭാഗം വിദ്യാർത്ഥികൾക്ക് 900/- രൂപയും, ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 1000/- രൂപയും), സ്റ്റൈപന്റും 2000/- രൂപയും ഇതിന് പുറമെ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അധിക ധനസഹായമായി പ്രതിമാസ സ്റ്റൈപന്റും 200/- രൂപയും എന്നിവയും നൽകി വരുന്നു.

കൂടാതെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.

<u>വിദ്യാവാഹിനി</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് ഗോത്രസാരഥി പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും , ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി, സ.ഉ.(സാധാ)നം.415/2023/SCSTD dtd. 30/03/23) പ്രകാരം വിദ്യാവാഹിനി എന്ന് പുന നാമകരണം ചെയ്ത് 2023 – 24 മുതൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 2025-26 പഞ്ചായത്തുകളിലായി 644 സ്കൂളുകൾ വഴി 24,095 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധ്യയനവർഷം 172 പ്രയോജനം ലഭിക്കുന്നു.

<u>രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം</u>

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് അദ്ധ്യയനവർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

<u>ലാപ്ടോപ്പ് പദ്ധതി</u>

സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഐ .ടി. മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കുന്നതിനായി സൗജന്യ ലാപ്ടോപ്പ് വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ് വർഷം മുതൽ ടി പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ഒറ്റ തവണ 30,000/- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ്.

<u>ഗോത്രബന്ധു</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ പ്രശ്നങ്ങൾ മുൻനിർത്തി സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധ പദ്ധതിയും നടപ്പിലാക്കി വരുന്നു . വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നു.

<u>കൈത്താങ്ങ്</u>

മാതാപിതാക്കൾ സംരക്ഷിക്കാൻ ഇല്ലാത്ത അനാഥരായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതിയാണിത് . പ്രായപൂർത്തിയാകുന്നത് വരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതു വരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു ഇത്തരത്തിലുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രതി മാസം 2000/-രൂപ വീതം അനുവദിച്ചു നൽകുന്ന "കൈത്താങ്ങ്" പദ്ധതി നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം 2225-02- 277-40(04) (പ്ലാൻ) എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി</u>

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും , മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ , തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ ചെലവ് 50000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ് , ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും , മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ് /വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 വരെയുള്ള ചെലവ് ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു.

<u>സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം</u>

വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് സിക്കിൾ സെൽ അനീമിയ അഥവാ അരിവാൾ രോഗം. 8 ജില്ലകളിലായി ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവരപ്രകാരം നിലവിൽ 930 സിക്കിൾ സെൽ അനീമിയ രോഗികളാണുള്ളത്. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യമരുന്നുകളും, പോഷകാഹാരങ്ങളും വാങ്ങുന്നതിനായി പ്രതിമാസം 2500/- രൂപ നിരക്കിൽ 2225-02-282-92. (പ്ലാൻ) ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്.

കൂടാതെ സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപ വരെ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നം.199/2024/ പജപവവിവ തീയതി.16/03/2024 പ്രകാരം പദ്ധതി നടത്തിപ്പിനായി അംഗീകാരം ലഭിക്കുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി</u>

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കു മറ്റും ദുരിതം അനുഭവിക്കുന്നവർക്കും ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത് . ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബവാർഷികവരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിച്ച് വരുന്നു . കുടുംബത്തിന്റെ ഏക വരുമാനദായകന് മരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുബത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000/- രൂപവരെ ഈ പദ്ധതിവഴി അനുവദിക്കാവുന്നതാണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം , തീപിടുത്തം മുതലായവ മൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തികസഹായം രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാനുള്ള സഹായം , ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം ലഭ്യമാക്കൽ , ആശുപത്രികളിൽ ഡോക്ടറുടെ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കൽ , ആകസ്മിക മരണങ്ങൾ സംഭവിക്കുന്ന പക്ഷം പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ/അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായനിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

<u>വംശീയ വൈദ്യന്മാർക്കുള്ള ധനസഹായം</u>

വകുപ്പിന് കീഴിലുള്ള പട്ടികവർഗ്ഗക്കാരായ വംശീയ വൈദ്യന്മാർക്ക് പ്രതിവർഷം 10000/- രൂപയാണ് ധനസഹായമായി നൽകിവരുന്നത്. 232 വംശീയ വൈദ്യന്മാർക്ക് ധനസഹായം അനുവദിച്ചു വരുന്നു . കിർത്താഡ്സ് മുഖേന അംഗീകാരം ലഭിച്ച വൈദ്യന്മാർക്കാണ് ധനസഹായം അനുവദിക്കുന്നതിന് അർഹതയുള്ളത്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് തികയുന്നതു വരെ 18 മാസത്തേക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സമയബന്ധിതമായ സാമ്പത്തിക സഹായം നൽകുന്നു. ഗർഭിണികളായിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ സമർപ്പിക്കുന്ന അപേക്ഷയിൽ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സമയ ബന്ധിതമായി ധനസഹായം അനുവദിക്കുന്നു.

<u>മെഡിക്കൽ / എഞ്ചിനീയറിങ് പരിശീലനത്തിനുള്ള സ്കോളർഷിപ്പ്</u>

2 പദ്ധതികളായാണ് ഇത് നടപ്പിലാക്കുന്നത് .

<u>1. വിഷൻ (VISION)</u>

പ്ലസ് ടു/വി.എച്ച്.എസ്.സി പഠനത്തിനോടൊപ്പമുള്ള എൻട്രൻസ് കോച്ചിംഗ്- പ്ലസ് ടു/വി.എച്ച്.എസ്.സി പഠനത്തിനോടൊപ്പം 2 വർഷത്തെ പരിശീലനത്തിനായി ഓരോ വർഷവും 10,000/- വീതം അനുവദിക്കുന്നതാണ്.

<u>2. വിഷൻ പ്ലസ് (VISION PLUS)</u> - പ്ലസ് ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ് - വി.എച്ച്.എസ്.സി പഠനത്തിന് ശേഷം മെഡിക്കൽ/

എഞ്ചിനീയറിംഗ് കോഴ്സുകൾക്കു അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് ഒരു വർഷത്തെ പരിശീലനത്തിനായി 54,000/–രൂപ അനുവദിക്കുന്നതാണ്.

നിബന്ധനകൾ:

- സ്റ്റേറ്റ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. ഐ.എസ്.സി സിലബസുകളിൽ പഠിക്കുന്നവർക്ക് പരിശീലനത്തിനു ധനസഹായം ലഭിക്കുന്നതാണ്
- പ്ലസ് 2 പരീക്ഷ എഴുതിയതിന് ശേഷം 2 മാസത്തെ ക്രാഷ് കോഴ്സിന് ചേരുന്നവരെയും VISION പദ്ധതിയായി പരിഗണിക്കുന്നതാണ്.
- സയൻസ്,ഇംഗ്ളീഷ്,കണക്ക് എന്ന വിഷയങ്ങൾക്ക് B+ ൽ കുറയാത്ത ഗ്രേഡ് വാങ്ങി പാസാകുന്ന എസ് .എസ്.എൽ.സി/തത്തുല്യ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും , ഫിസിക്സ്, കെമിസ്ട്രി,ബയോളജി,ഇംഗ്ലീഷ് വിഷയങ്ങളിൽ പത്താം ക്ലാസ്സിൽ യഥാക്രമം A2, A ഗ്രേഡുകൾ നേടി വിജയിച്ചിട്ടുള്ള സി.ബി.എസ്.ഇ,ഐ.സി.എസ്.ഇ വിദ്യാർത്ഥികൾക്കും വിഷൻ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്.
- സ്റ്റേറ്റ് സിലബസുകളിൽ ഒരു വർഷത്തെ മെഡിക്കൽ എൻട്രൻസ് പരിശീലനത്തിന് ചേരുന്നതിന് Plus Two/VHSE ക്ക് ഫിസിക്സ്,കെമിസ്ട്രി,ബയോളജി,ഇംഗ്ലീഷ് വിഷയങ്ങളിൽ B+ ൽ കുറയാത്ത ഗ്രേഡും,എഞ്ചിനീറിങ് എൻട്രൻസ് പരിശീലനത്തിന് ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളിൽ B+ ൽ കുറയാത്ത ഗ്രേഡും വാങ്ങി പാസാകുന്ന വിദ്യാർത്ഥികളാണ് വിഷൻ പ്ലസ് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹരായിട്ടുള്ളത്.
- പരിശീലനാർത്ഥിയുടെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

<u>സംരംഭകത്വ വികസന പരിപാടി</u>

പട്ടികവർഗ്ഗക്കാർക്കിടയിൽ സ്വന്തമായി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ആയതിൻപ്രകാരം പട്ടികവർഗ്ഗക്കാരിൽ നിന്നും സംരംഭകരെ കണ്ടെത്തി ജീവനോപാധി പ്രവർത്തനങ്ങളിലൂടെ മികച്ച തൊഴിലും വരുമാനവും വികസന പരിപാടി നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകത്വ നടപ്പാക്കുന്നതിനും ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതി നടപ്പിലാക്കുന്നു.

- വ്യക്തികൾ, ഗ്രൂപ്പുകൾ, കേരള സ്റ്റാർട്ട് അപ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ എന്നിവർക്ക് അർഹതയുണ്ടായിരിക്കും.
- പ്രോജക്ട് വായ്പാധിഷ്ഠിതമായിരിക്കും. 80% തുക പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുന്നതും, അടങ്കൽ തുകയുടെ 20% കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നോ ബാങ്കിൽ നിന്നോ വായ്പ എടുത്തിരിക്കണം. കേരള എംപവർമെന്റ് സൊസൈറ്റി (ഉന്നതി മുഖാന്തരമായിരിക്കും പദ്ധതി നടപ്പിലാക്കുക.
- കേരള എംപവർമെന്റ് സൊസൈറ്റി (ഉന്നതി ഡയറക്ടർ ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായിട്ടായിരിക്കണം സംരംഭങ്ങൾ പ്രവർത്തനം നടത്തേണ്ടത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ അപേക്ഷകൾ സ്വീകരിച്ച് ബോർഡ് തീരുമാനപ്രകാരം ഉചിതമായ സംരംഭങ്ങൾ /സംരംഭകരെ തിരഞ്ഞെടുത്ത് നടപടിക്രമങ്ങൾ പാലിച്ച് വേണം ആനുകൂല്യങ്ങൾ നൽകേണ്ടത്.
- അപേക്ഷകന് പാൻ നമ്പർ, ജി.എസ്.ടി രജിസ്ട്രേഷൻ മുതലായ എല്ലാ നിയമപരമായ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.

- അപേക്ഷകന്റെ ബാങ്കിന്റെ സിബിൽ സ്കോർ 700 ന് മുകളിലായിരിക്കണം.
- സംരംഭത്തിൽ എത്ര പട്ടികവർഗ്ഗക്കാരെ നിയമിക്കും എന്ന വിവരം അപേക്ഷകൻ സർട്ടിഫൈ ചെയ്ത് നല്കേണ്ടതാണ് . 35 വയസ്സിനു താഴെയുള്ള അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- അപേക്ഷകൻ സംരംഭം ആരംഭിക്കുന്നതിന് മിനിമം തുക (ഗുണഭോക്തൃ വിഹിതം) നിക്ഷേപിക്കേണ്ടതാണ്.
- അപേക്ഷകൻ ബിസിനസ് പ്ലാൻ തയ്യാറാക്കി ചാർട്ടേർഡ് അക്കൗണ്ടിനെ കൊണ്ട് സർട്ടിഫൈ ചെയ്ത് ഹാജരാക്കേണ്ടതാണ് .
- സംരംഭങ്ങളെ തിരഞ്ഞെടുക്കുന്നതിനും ഉചിതമായ രീതിയിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേരള എംപവർമെന്റ് സൊസൈറ്റി (ഉന്നതി ബോർഡിന് ഉചിതമായ, സുതാര്യമായ നടപടിക്രമങ്ങൾ സ്വീകരിക്കാവുന്നതാണ്.
- ബി.ടെക്, എം.ബി.എ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച പട്ടികവർഗ്ഗ തൊഴിൽ രഹിതർ, സ്റ്റാർട്ട് അപ് സംരംഭങ്ങൾ,പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ചിട്ടുള്ള നൈപുണ്യ വികസന പരിപാടികളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കിയവർ,മറ്റ് വകുപ്പുകൾ / ഗവ. ഏജൻസികൾ നല്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കിയവർ, സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ വിധവകൾ, പി.വി.റ്റി.ജി വിഭാഗം എന്നിവർക്ക് മുൻഗണന നൽകുന്നതാണ് .

<u>അതിക്രമം തടയൽ നിയമപ്രകാരമുള്ള ആശ്വാസധനസഹായം</u>

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ നേരിടുന്ന ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും അവരുടെ താൽപ്പര്യങ്ങളും പ്രതിഷേധസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനും അവയ്ക്ക് ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി പൗരാവകാശ സംരക്ഷണ നിയമവും (1955) പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമവും (1989) നിലവിൽ വന്നിട്ടുണ്ട്.ടി നിയമത്തിലൂടെ അതിക്രമത്തിനിരയാകുന്നവർക്ക് ജില്ലാഓഫീസുകൾ മുഖേന ആശ്വാസധനസഹായം നൽകി വരുന്നു.

<u>ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണം</u>

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണം നടപ്പിലാക്കുന്നില്ല. ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണം നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് 6 ലക്ഷം രൂപ വകയിരുത്തുന്നതിൽ ലൈഫ് മിഷന് പട്ടികവർഗ്ഗ വകുപ്പിന്റെ വിഹിതം അനുവദിക്കുന്നതിന് തുക ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്.

<u>സേഫ് (സെക്യൂർ അക്കോമൊഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം) & ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ/നവീകരണം.</u>

ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് മുൻ വർഷങ്ങളിൽ ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും (SAFE) ഈ പദ്ധതി ലക്ഷ്യമിടുന്നു. അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിനും നവീകരണത്തിനുമായി സേഫ് പദ്ധതി പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 2.5 ലക്ഷം രൂപയാണ് ഗുണഭോക്താവിന് അനുവദിക്കുന്നത്.

<u>കേരള ട്രൈബൽ പ്ലസ് പദ്ധതി</u>

കേരളത്തിലെ പട്ടിക വർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതിനും സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനായി നിലവിലുള്ള

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയോടൊപ്പം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിനായി MGNREGS മിഷൻ മുഖാന്തിരം കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2025-26 വർഷത്തെ പദ്ധതിയുടെ ആദ്യ ഗഡുവായി 5 കോടി രൂപയും പദ്ധതിയുടെ തുടർ ഗഡുവായി 6 കോടി രൂപയും MGNREGS മിഷൻ ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.